കേരള സർക്കാർ
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്
ശാന്തി നഗർ, തിരുവനന്തപുരം - 695001
ഫോൺ: 0471-2330558, 0471-2331104
Email:cei.kerala@kerala.gov.in
ceikerala@gmail.com
Website: www.ceikerala.gov.in

An IS 15700 : 2018 Certified Department

**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ നടപടിക്രമം**
**ഹാജർ : വിനോദ്. ജി**

വിഷയം : ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - ജീവനക്കാര്യം - സെലക്ഷൻ ഗ്രേഡ്/സീനിയർ ഗ്രേഡ്/ യു.ഡി ടൈപ്പിസ്റ്റ് തസ്തികകളിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം : 1. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 03.11.2024 തീയതിയിലെ സി.ഇ.ഐ/5870/2024-ഇ4 നമ്പർ ഉത്തരവ്.

2. മലപ്പുറം ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 16.11.2024 ലെ എ-6779/2024/ഇ.ഐ.എം നമ്പർ ഉത്തരവ്.

3. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 23.05.2024 തീയതിയിലെ സി.ഇ.ഐ/1159/2024-ഇ4 നമ്പർ ഉത്തരവ്.

**<u>ഉത്തരവ് നമ്പർ : സി.ഇ.ഐ/5870/2024-ഇ4 തീയതി : 02-12-2024</u>**

പരാമർശം (1) ഉത്തരവ് പ്രകാരം ഫെയർകോപ്പി സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിച്ച മലപ്പുറം ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി. ടി.പി ബീന (PEN:105363) യെ പരാമർശം ( 2 ) ഉത്തരവ് പ്രകാരം 16.11.2024 അപരാഹ്നത്തിൽ ടി കാര്യാലയത്തിൽ നിന്നും വിടുതൽ ചെയ്തിട്ടുണ്ട്. ഇപ്രകാരം വകുപ്പിൽ 17.11.2024 പൂർവ്വാഹ്നം മുതൽ നിലവിൽ വന്ന സെലക്ഷൻ ഗ്രേഡ് തസ്തികയിലെ ഒഴിവിലേക്കും ഈ ഒഴിവിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതുമൂലം സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, യു.ഡി ടൈപ്പിസ്റ്റ് എന്നീ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്കും പരാമർശം ( 3 ) ലെ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച സീനിയർ ഗ്രേഡ്/ യു.ഡി/എൽ.ഡി ടൈപ്പിസ്റ്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം സീനിയറായിട്ടുള്ള താഴെപ്പറയുന്ന ഉദ്യോഗസ്ഥർക്ക് റഗുലറായി സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

1. കൊല്ലം ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ സേവനമനുഷ്ഠിക്കുന്ന സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീ. രാജേഷ്. ബി (PEN:478671) യ്ക്ക് 17.11.2024 പൂർവ്വാഹ്നം പ്രാബല്യത്തിൽ 39300-83000/- രൂപ ശമ്പള നിരക്കിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നു.

2. ഇടുക്കി ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ സേവനമനുഷ്ഠിക്കുന്ന യു.ഡി

ടൈപ്പിസ്റ്റ് ശ്രീ. രാജേഷ്. ആർ (PEN:777703) ന് 17.11.2024 പൂർ വ്വാഹ്നം പ്രാബല്യത്തിൽ 37400-79000/- രൂപ ശമ്പള നിരക്കിൽ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നു.

3. തലശ്ശേരി താലൂക്ക് ലീഗൽ സർവ്വീസ് കമ്മിറ്റി കാര്യാലയത്തിൽ 22.03.2023 മുതൽ ക്ലർക്ക് കം ടൈപ്പിസ്റ്റായി അന്യത്ര സേവനമനുഷ്ഠിക്കുന്ന തിരുവനന്തപുരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ എൽ.ഡി ടൈപ്പിസ്റ്റ് ശ്രീമതി. ബബിത മാത്യു (PEN:905269) ന് 17.11.2024 പൂർവ്വാഹ്നം പ്രാബല്യത്തിൽ 35600-75400/- രൂപ ശമ്പള നിരക്കിൽ യു.ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി അന്യത്ര സേവനത്തിൽ തുടരുന്നതിന് അനുവദിക്കുന്നു.

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥരെ അവർ നിലവിൽ ജോലി ചെയ്യുന്ന കാര്യാലയത്തിൽ തുടരുന്നതിന് അനുവദിക്കുന്നു. സ്ഥാനക്കയറ്റം ലഭിച്ചവർക്ക് നിലവിലെ സർക്കാർ ഉത്തരവുകൾക്കും ബന്ധപ്പെട്ട സർവ്വീസ് ചട്ടങ്ങൾക്കും വിധേയമായി സ്ഥാനക്കയറ്റം ലഭിച്ച തീയതി മുതൽ ശമ്പള പുനർ നിർണ്ണയത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

Signed by
Vinod G
Date: 02-12-2024 17:05:27

**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക് (മേലധികാരി മുഖേന).

പകർപ്പ് :

1. ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, കൊല്ലം/ഇടുക്കി
2. സെക്രട്ടറി, താലൂക്ക് ലീഗൽ സർവ്വീസ് കമ്മറ്റി, കോർട്ട് കോംപ്ലക്സ്, തലശ്ശേരി - 670101
3. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ സി.എ
4. ഐ ടി വിഭാഗം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്ക്)
5. കരുതൽ/അധികം